"ഭരണഭാഷ - മാതൃഭാഷ"

നം. പിഎഫ്2-1660/2011

നഗരകാര്യ ഡയറക്ടറേറ്റ്,
സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, തീയതി : 12/02/2019,
ഫോൺ: 0471-2318896,
E mail ID duatvpm @gmail.com

## സർക്കുലർ നം. പിഎഫ്-1/2019

വിഷയം: കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക തുകകൾ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കു വരുത്തുന്നത് - സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായത് - സംബന്ധിച്ച്

സൂചന:
1. 23/12/2013-ലെ (പി) 629/2013/ഫിൻ. നം. സർക്കാർ ഉത്തരവ്
2. സർക്കാരിന്റെ 22/02/2017-ലെ ജി.ഒ(പി) 26/2017/ഫിൻ. നമ്പർ കത്ത്.
3. ഈ ഓഫീസിലെ 16/03/2017, 22/03/2017 തീയതികളിലെ ഇതേ നമ്പർ കത്ത്.
4. ഈ ഓഫീസിലെ 01/01/2018-ലെ പിഎഫ്2-9908/15-ാം നം. കത്ത്.
5. സർക്കാറിന്റെ 20/02/2018-ലെ ജി.ഒ(പി) 236/2018/ഫിൻ നമ്പർ ഉത്തരവ്.
6. ഈ ഓഫീസിലെ 07/03/2018-ലെ ഇതേ നമ്പർ കത്ത്.
7. ഒ.എ 1576/16-ാം നം. കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 09/03/2018-ൽ പുറപ്പെടുവിച്ച അന്തിമ വിധി.
8. 14/01/2019-ലെ (പി)2/2019/ഫിൻ. നം. സർക്കാർ ഉത്തരവ്.

***********

സർക്കാർ കാലാകാലങ്ങളിൽ ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണ / ക്ഷാമബത്ത വർദ്ധനവ് പ്രകാരമുള്ള കുടിശ്ശിക യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് ഒടുക്കു വരുത്താത്തത് നിരവധി പരാതികൾക്കും വ്യവഹാരങ്ങൾക്കും കാരണമാകുന്നുണ്ട്. ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് കണക്ക് അവസാനിപ്പിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിൽ, ഏതെങ്കിലും നഗരസഭയിൽ നിന്നും കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുവാൻ ശേഷിക്കുന്ന പക്ഷം ആയതു ജീവനക്കാരന് നഗരസഭയിൽ നിന്നും നേരിട്ട് നല്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നഗരസഭയിൽ നിന്നും തുക ലഭിക്കാത്ത സാഹചര്യത്തിൽ ജീവനക്കാർ കോടതിയെ സമീപിക്കുകയാണ്. നഗരസഭയിൽ നിന്നും ഓരോ ജീവനക്കാരനും അർഹമായ കുടിശ്ശിക തുകകൾ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്തുന്ന തീയതി മുതൽ മാത്രമേ പലിശ അനുവദിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഡിഎ/ശമ്പള പരിഷ്കരണ കുടിശ്ശിക തുകകൾക്കു പലിശ അനുവദിക്കേണ്ടി വന്നാൽ, നഗരസഭയിൽ നിന്നും തുക സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്തുന്ന

തീയതി വരെയുള്ള കാലയളവിലെ പലിശ ബന്ധപ്പെട്ട നഗരസഭയിൽ നിന്നും നൽകേണ്ടിവരുന്നതാണ്.

ജീവനക്കാരുടെ 01/01/2005 മുതൽ 01/01/2016 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുള്ള സമയപരിധി 31/07/2017 വരെയും തുടർന്ന് 30/06/2018 വരെയും ദീർഘിപ്പിച്ച് സൂചന 2, 5 പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശികകൾ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കാത്ത നഗരസഭകളിൽ നിന്നും തുക സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുന്നതിന് സൂചന 3, 4, 6 പ്രകാരം എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നല്കിയിരുന്നതാണ്. സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ച് നല്കുന്നതിനു ശേഷിക്കുന്ന പക്ഷം ആയതു ജീവനക്കാർക്ക് നേരിട്ട് നല്കുന്നതിനും നിർദ്ദേശം സൂചന 3, 4, 6 നല്കിയിട്ടുള്ളതാണ്. എന്നാൽ നഗരസഭയിൽ നിന്നും തുക അനുവദിക്കാത്ത സാഹചര്യത്തിൽ നിരവധി ജീവനക്കാരും, സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരും ലഭിക്കേണ്ട ക്ഷാമബത്ത / ശമ്പള പരിഷ്കരണ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ നല്കി വരുകയും തുടർന്ന് കോടതിയെ സമീപിക്കുകയുമാണ്. നഗരസഭകളിൽ നിന്നും സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കേണ്ട ക്ഷാമബത്ത / ശമ്പള പരിഷ്കരണ തുകകൾ കുടിശ്ശികകൾ യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കാത്തതും, കുടിശ്ശിക തുക ഒടുക്കുന്നതിന് സൂചന 3, 4, 6 പ്രകാരം നല്കിയ നിർദ്ദേശങ്ങൾ പാലിക്കാത്തത് നിരവധി കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 1576/16 നം. കേസിൽ സൂചന (7) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ഒരു ജീവനക്കാരന്റെ ക്ഷാമബത്ത ബന്ധപ്പെട്ട നഗരസഭ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കിയാലും ഇല്ലെങ്കിലും, പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് അവസാനിപ്പിച്ച് തുക അനുവദിക്കുന്ന തീയതി വരെയുള്ള പലിശ സഹിതം ജീവനക്കാരന് നല്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിൽ നഗരസഭകൾ യഥാസമയം ഡി.എ കുടിശ്ശിക സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കാത്തതുമൂലം, അധിക പലിശ നല്കേണ്ട സാഹചര്യം വന്നുചേരുന്നു.

ജീവനക്കാരുടെ 01/01/2005 മുതൽ 01/01/2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിനുള്ള സമയപരിധി 31/05/2019 വരെ ദീർഘിപ്പിച്ച് സൂചന (8) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ നഗരസഭാ സെക്രട്ടറിമാരും ഇക്കാര്യം വിശദമായി പരിശോധിച്ച് ഏതെങ്കിലും ജീവനക്കാരന് കുടിശ്ശിക ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ ഏതെങ്കിലും തുക സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കാൻ ഉണ്ടെങ്കിൽ ആയതു മേൽ സമയപരിധിക്കുള്ളിൽ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ കൃത്യമായി ഒടുക്കേണ്ടതാണ്.

നഗരസഭാ ജീവനക്കാരുടെ **ക്ഷാമബത്ത** / ശമ്പള പരിഷ്കരണ കുടിശ്ശിക തുകകൾ സൂചന (8)-ലെ സർക്കാർ ഉത്തരവിലെ **സമയപരിധിയ്ക്കകം** നഗരകാര്യ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ **നിലവിലുള്ള** TPA 701010200000509 നമ്പർ അക്കൗണ്ടിൽ ഒടുക്കു വരുത്തി **ചലാൻ സഹിതം** ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് ഈ **ഓഫീസിലേയ്ക്ക്** അയച്ചുതരുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സർവ്വീസിൽ നിന്നു വിരമിച്ച **ജീവനക്കാരുടെ** പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടുള്ളതിനാൽ വിരമിച്ച ഏതെങ്കിലും ജീവനക്കാരന്റെ കുടിശ്ശിക ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക തുക ഇനിയും അനുവദിച്ചു നല്കാനുള്ള പക്ഷം ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക് നഗരസഭകളിൽ നിന്ന് നേരിട്ട് അനുവദിക്കേണ്ടതും വൗച്ചർ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും നഗരസഭകളിൽ നിന്നും ജീവനക്കാർക്ക് അർഹതപ്പെട്ട ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശികകൾ യഥാസമയം അനുവദിക്കാത്തതു കാരണം ഉണ്ടാകുന്ന കോടതി വ്യവഹാരങ്ങൾക്ക് ബന്ധപ്പെട്ട നഗരസഭകൾ മാത്രം ഉത്തരവാദി ആയിരിക്കും എന്നും അറിയിക്കുന്നു.

ക്ഷാമബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ആർ. ഗിരിജ ഐ.എ.എസ്
നഗരകാര്യ ഡയറക്ടർ

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
ഫിനാൻസ് ഓഫീസർ
പ്രോവിഡന്റ് ഫണ്ട് ഓഫീസർ
സുപ്രണ്ട്, കരുതൽ ഫയൽ

പി.എസ്/12/02